160. സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണ് വൃദ്ധജന സംരക്ഷണം. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി അനുയോജ്യമായ ഒരു പദ്ധതി അടിയന്തിരമായി ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. നഴ്സിംഗ്, ഫിസിയോതെറാപ്പി കോഴ്സുകളുടെ ഭാഗമായി വൃദ്ധജന സംരക്ഷണത്തിന് പ്രത്യേക പരിശീലനം നൽകുന്നതാണ്. വൃദ്ധജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ കോളേജുകളിലും ജില്ലാ-താലൂക്ക് ആശുപത്രികളിലും ആയുർവേദ ആശുപത്രികളിലും ജീറിയാട്രിക് വാർഡുകൾ ആരംഭിക്കുന്നതാണ്.

161. പ്രായാധിക്യം മൂലം വീടുകളിൽ ഒറ്റപ്പെട്ടുകഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വകാര്യ മേഖലയിൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന 40 പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയോ ചെലവിന്റെ 25 ശതമാനമോ ഏതാണോ കുറവ് അത് ഒറ്റത്തവണ ഗ്രാന്റായി നൽകുന്നതാണ്. ഇതിനായി 200 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

162. ഇതിനെല്ലാം പുറമെ പ്രായമായവരുടെ അറിവുകളും പ്രാഗൽഭ്യവും കുട്ടികളും ചെറുപ്പക്കാരുമായി പങ്കുവയ്ക്കുന്ന "കെയറിംഗ് ആന്റ് ഷെയറിംഗ്" എന്നൊരു പുതിയ പരിപാടി എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

163. അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കുമായുള്ള പ്രത്യേക പെൻഷൻ, അഗതികൾക്കുള്ള പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, എന്നിവയാണ് സർക്കാർ നൽകി വരുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ. ഇതിൽ കർഷകത്തൊഴിലാളി പെൻഷൻ 31-3-2003 വരെയും മറ്റെല്ലാ പെൻഷനുകളും 31-3-2005 വരെയും നൽകുവാനുള്ള തുക 2004-05-ൽ തന്നെ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കി വേണ്ട തുക 2005-06 വർഷത്തിൽ നൽകും.

സ്പോർട്സും യുവജനകാര്യവും

164. ഒളിമ്പിക്സിലെ ഒരു ഇനമായ ഷൂട്ടിംഗ് കേന്ദ്രസർക്കാരിന്റെ മുൻഗണനാപട്ടികയിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഷൂട്ടിംഗ് റേഞ്ചുകൾ ആരംഭിക്കുകയാണെങ്കിൽ ഇത് സംസ്ഥാനത്തിന് ദേശീയ-അന്തർദേശീയ തലങ്ങളിൽ നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് സഹായിക്കും. ഷൂട്ടിംഗ് റേഞ്ച് സ്ഥാപിക്കുന്നതിനും, 2005-06 വർഷത്തിൽ ഇതിനാവശ്യമായ പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഞാൻ 50 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

165. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായ്) കേരളത്തിൽ 5 പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. സായിയുമായുള്ള കരാർ പ്രകാരം അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടങ്ങൾ നൽകേണ്ടതും അവയുടെ അറ്റകുറ്റപ്പണിയും സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഈ പരിശീലന കേന്ദ്രങ്ങളുടെ വികസനത്തിനായി ഞാൻ 50 ലക്ഷം രൂപ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

166. 2005-06-ൽ എറണാകുളം ജില്ലയിൽ ഒരു നീന്തൽ കുളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 25 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. തിരുവനന്തപുരത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി 50 ലക്ഷം രൂപയും നാട്ടികയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 25 ലക്ഷം രൂപയും നീക്കിവയ്ക്കുന്നുണ്ട്.

167. തിരുവനന്തപുരത്തെ ഏവിയേഷൻ ട്രെയിനിംഗ് സെന്ററിന് ഒരു വിമാനം വാങ്ങുന്നതിനുവേണ്ടി 200 ലക്ഷം രൂപ ബജറ്റിൽ ഞാൻ വകയിരുത്തുന്നു.

168. കായിക രംഗത്ത് പ്രോൽസാഹനം നൽകുന്നതിനായി മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു സ്പോർട്ട്സ് സ്കൂൾ ആരംഭിക്കുന്നതാണ്.

ഗതാഗതം

169. റോഡ് ഗതാഗതത്തിൽ ഉണ്ടായ വർദ്ധന റോഡ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതുമൂലം ധാരാളം പേരുടെ ജീവനും സ്വത്തുക്കളും നഷ്ടപ്പെടുന്നതിനും കാരണമായിത്തീർന്നിട്ടുണ്ട്. കാൽനടയാത്രക്കാരെ റോഡ് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുവേണ്ടി മാദ്ധ്യമങ്ങൾ വഴി ആവശ്യമായ പ്രചാരണം നൽകുന്നതിനും സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് പരിശീലനം നൽകുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കും.

170. 2005-06-ൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 600 പുതിയ ബസ്സുകൾ നിരത്തിലിറക്കും. കൂടാതെ ദീർഘദൂര റൂട്ടുകളിലേക്ക് 25 എയർകണ്ടീഷൻഡ് എക്സ്പ്രസ്സ് ബസ്സുകളും പുതുതായി ഇറക്കും. വർക്ക് ഷോപ്പ് ആധുനികവൽക്കരിക്കുക, ഘട്ടം ഘട്ടമായി ഇ-ഗവേർണൻസ് നടപ്പിലാക്കുക, എല്ലാ ഷെഡ്യൂളുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവയാണ് 2005-06-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റു വികസന പ്രവർത്തനങ്ങൾ.

171. ജലഗതാഗത വകുപ്പ് 2005-06-ൽ 6 പുതിയ ബോട്ടുകൾ വാങ്ങുന്നതാണ്. വൈക്കം സ്റ്റേഷനിൽ യാത്രക്കാർക്കുവേണ്ടി ഒരു വിശ്രമ മുറി നിർമ്മിക്കുന്നതാണ്.

വിനോദ സഞ്ചാരം

172. കേരള സർക്കാർ ടൂറിസത്തെ സംസ്ഥാന വികസനത്തിനുള്ള ഉപാധികളിൽ ഒന്നായി അംഗീകരിച്ചിട്ടുണ്ട്. കേരളം ഇന്ന് രാജ്യത്തെ ഏറ്റവും പ്രധാന വിനോദ സഞ്ചാര കേന്ദ്രമാണ്. വിനോദ സഞ്ചാര വികസനത്തിന് ഏറ്റവുമധികം പദ്ധതി വിഹിതം നീക്കിവയ്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2005-06-ൽ നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കാനാണ് ശ്രദ്ധ പതിപ്പിക്കുന്നത്. ജലവിനോദം, സാഹസിക വിനോദ സഞ്ചാരം എന്നിവയ്ക്ക് മുൻഗണന നൽകുന്നതാണ്.

173. കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ഒരു ജില്ലയിൽ കുറഞ്ഞത് ഒരു വിനോദ സഞ്ചാര കേന്ദ്രമെങ്കിലും സമഗ്രമായി വികസിപ്പിക്കുന്നതാണ്. കുമ്പളങ്ങി ടൂറിസ്റ്റ് വില്ലേജ്, ആലപ്പുഴയിലെ കയർ വില്ലേജ് എന്നിവയുടെ മാതൃകയിൽ ഗ്രാമീണവിനോദ സഞ്ചാര സൗകര്യങ്ങൾ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പര്യടന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly